## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനകൾ

(1) **കാലവർഷക്കെടുതി**

സംസ്ഥാനം നേരിടുന്ന രൂക്ഷമായ കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി സർക്കാർ സ്വീകരിച്ച ആശ്വാസ നടപടികളെ സംബന്ധിച്ച് റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, എന്റെ ഒരു പ്രസ്താവന അങ്ങയുടെ അനുവാദത്തോടുകൂടി മേശപ്പുറത്തുവയ്ക്കുന്നു.

**റവന്യൂവും കയറും വകുപ്പുമന്ത്രിയുടെ പ്രസ്താവന**

കടുത്ത വരൾച്ചയുടെ തുടർച്ചയായി കേരളത്തിലെത്തിയ അതിശക്തമായ കാലവർഷത്തിൽ സാധാരണഗതിയിൽ ലഭിക്കേണ്ടതായ മഴയേക്കാൾ 66 ശതമാനം മഴയാണ് കൂടുതൽ ലഭിച്ചിരിക്കുന്നത്. മഴക്കെടുതിയിലും ദുരന്തങ്ങളിലുംപെട്ട് ഇന്നലെവരെ 45 പേർക്ക് ജീവഹാനി സംഭവിക്കുകയും 175 വീടുകൾ പൂർണ്ണമായും 3029 വീടുകൾ ഭാഗികമായും നശിക്കുകയും ചെയ്തു. കാർഷിക വിളകൾ നശിച്ചതുമൂലം ഏകദേശം 60 കോടിയിൽപ്പരം നഷ്ടം കണക്കാക്കുന്നു. ദുരിതബാധിതരായ ജനങ്ങളെ താമസിപ്പിക്കുന്നതിന് 116 ക്യാമ്പുകൾ സംസ്ഥാനത്തൊട്ടാകെയായി തുറന്നിട്ടുണ്ട്. ഈ ക്യാമ്പുകളിൽ ഏകദേശം 55000 പേർ താമസിക്കുന്നു. ഏറ്റവും കൂടുതൽ ക്യാമ്പുകൾ ആലപ്പുഴ ജില്ലയിലാണ് - 90 എണ്ണം. ഇതിലുപരിയായി റോഡുകളും കെട്ടിടങ്ങളും തകർന്നതുമൂലമുണ്ടായ നഷ്ടം കണക്കാക്കി വരുന്നതേയുള്ളൂ.

2007-നുശേഷം ഇത്രയും ദുരിതം വിതച്ച മഴ ഇതാദ്യമാണ് കേരളത്തിലുണ്ടാകുന്നത്.

ഈ വർഷം മേയ് മാസം 15-ാം തീയതി തന്നെ റവന്യൂ - ദുരന്ത നിവാരണ വകുപ്പിൽ നിന്നും പഞ്ചായത്ത് തലത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ബന്ധപ്പെട്ട മറ്റ് വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകിയിരുന്നു. ജില്ലാഭരണകൂടവുമായി യോജിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ യോഗം വിളിച്ച് ചേർക്കുവാനും മഴക്കാലപൂർവ്വ പ്രവർത്തനങ്ങളും ദുരന്ത പ്രതികരണ പ്രവർത്തനങ്ങളും ഊർജ്ജിതമാക്കാനും നിർദ്ദേശം നൽകി. ജില്ലാതല കൺട്രോൾറൂം തുറക്കാൻ ജില്ലാ കളക്ടർമാർക്കും ആവശ്യമായ മരുന്നുകൾ സംഭരിക്കുന്നതിന് ആരോഗ്യവകുപ്പിനും അടിയന്തരഘട്ടം വന്നാൽ ആവശ്യമായ ഭക്ഷ്യസാധനങ്ങളെത്തിക്കുന്നതിന് ഭക്ഷ്യ - സിവിൽ സപ്ലൈസ് വകുപ്പിനും സംസ്ഥാന റിലീഫ് കമ്മീഷണർ എന്ന നിലയിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ റവന്യൂ സെക്രട്ടറി 2013 മേയ് മാസം 15, 20, 23, 27 എന്നീ തീയതികളിലായി നിർദ്ദേശം നൽകിയിരുന്നു.

വാർഡ് തലത്തിൽ, പഞ്ചായത്തുകളിൽ 5000 രൂപയും മുനിസിപ്പാലിറ്റികളിൽ 10000 രൂപയും കോർപ്പറേഷനുകളിൽ 15000 രൂപയും ദുരന്തപ്രതികരണത്തിനായി മാറ്റിവയ്ക്കണം. ദുരന്ത നിവാരണ മുൻകരുതലുകൾ എന്ന നിലയിൽ ഉരുൾപൊട്ടൽ സാധ്യതയുള്ള സ്ഥലങ്ങൾ, പുഴകളിലെ അപകടമേഖലകൾ, കടൽക്ഷോഭം ഉണ്ടാകാനിടയുള്ള

സ്ഥലങ്ങൾ എന്നിവിടങ്ങളിൽ മുന്നറിയിപ്പ് നൽകണം. അപകടഭീഷണിയുള്ള മേഖലകളിൽ പാറ പൊട്ടിക്കൽ താൽക്കാലികമായി നിർത്തിവയ്ക്കണം.

കൂടാതെ മഴക്കെടുതി നേരിടുന്നതിനായി 07/06/2013 - ന് 6.24 കോടി രൂപ വിവിധ ജില്ലാ കളക്ടർമാർക്കായി വീതിച്ചു നൽകി. തുടർന്ന് 20/06/2013 - ന് ചേർന്ന പ്രത്യേക ക്യാബിനറ്റ് യോഗം മഴക്കെടുതികളുടെ തീവ്രത വിലയിരുത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1. ദുരിതാശ്വാസ ക്യാമ്പുകളിലെ കുടുംബങ്ങൾക്ക് 2000 രൂപ ഒറ്റത്തവണ സഹായം അനുവദിച്ചു.
2. ദുരിതാശ്വാസ ക്യാമ്പിലെ കുടുംബങ്ങൾക്കും വെള്ളം കയറിയ പ്രദേശങ്ങളിലെ കുടുംബങ്ങൾക്കും വീട് സുരക്ഷിതമല്ലെന്നുകണ്ട് മാറിത്താമസിക്കുന്ന കുടുംബങ്ങൾക്കും മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ദുരിതം അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും കയർ തൊഴിലാളികൾക്കും രണ്ടാഴ്ചത്തെ സൗജന്യറേഷൻ ഒന്നിച്ച് നൽകും.
3. മഴക്കെടുതിയിൽ മരണമടഞ്ഞ മുതിർന്നവർക്ക് 2 ലക്ഷം രൂപയും കുട്ടികൾക്ക് 1.5 ലക്ഷം രൂപയും പൂർണ്ണമായും തകരുകയോ വാസയോഗ്യമല്ലാതായിത്തീരുകയോ ചെയ്ത വീടുകൾക്ക് 1 ലക്ഷം രൂപ വീതവും ഭാഗികമായി തകർന്ന വീടുകൾക്ക് 35000 രൂപയും അനുവദിക്കുന്നതാണ്.

പിന്നീട്, ജില്ലാതല പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, റവന്യൂ വകുപ്പുമന്ത്രിയും ചേർന്ന് 21/06/2013-ന് വീഡിയോ കോൺഫറൻസിംഗ് നടത്തുകയുണ്ടായി. എല്ലാ ജില്ലാ കളക്ടർമാരുമായി നടത്തിയ ആശയവിനിമയത്തെത്തുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും അതിനനുസൃതമായ ഉത്തരവുകൾ നൽകുകയും ചെയ്തു.

1. ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ജില്ലയിലെ എം.പി./എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ 23/06/2013 ഞായറാഴ്ചയ്ക്കകം ജില്ലാ കളക്ടർമാർ മഴക്കെടുതികൾ വിലയിരുത്തണം.
2. ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനം കളക്ടർമാർ നേരിട്ട് വിലയിരുത്തി പരിഹാരം കണ്ടെത്തണം. ക്യാമ്പിൽ ആഹാരം, പായ, പുതപ്പ് എന്നിവയുൾപ്പെടെയുള്ള സൗകര്യങ്ങളും ഉറപ്പുവരുത്തണം.
3. ആരോഗ്യവകുപ്പ് അധികൃതർ കർശനമായും ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുകയും ആവശ്യമായ നടപടികളെടുക്കുകയും വേണം.
4. ദുരന്തത്തിനിരയായി മരണമടഞ്ഞവരുടെ സംസ്ക്കാര ചെലവുകൾക്കായി നൽകിവന്നിരുന്ന 2000 രൂപ 10000 രൂപയായി വർദ്ധിപ്പിച്ചു.

5. അന്യ സംസ്ഥാന തൊഴിലാളികൾ മരണപ്പെട്ടാൽ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ആവശ്യമായ നടപടികളെടുക്കാൻ കളക്ടർമാരെ ചുമതലപ്പെടുത്തി.

6. ആലപ്പുഴ ജില്ലയിലെ കടലാക്രമണത്തിന്റെ രൂക്ഷത കണക്കിലെടുത്ത് കടൽഭിത്തി നിർമ്മാണത്തിന് 50.97 കോടി രൂപയുടെ ഭരണാനുമതിയും നൽകി. കൊല്ലം ജില്ലയിൽ ഇരവിപുരം, താന്നി എന്നീ പ്രദേശങ്ങളിൽ 12 പുലിമുട്ടുകൾ അടിയന്തരമായി പണിയുന്നതിന് 9.65 കോടി രൂപയും അനുവദിച്ചു.

വീഡിയോ കോൺഫറൻസിംഗിലെ തീരുമാനമനുസരിച്ച് 14 ജില്ലകളിലും ബന്ധപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിൽ മഴക്കെടുതികൾ അവലോകനം ചെയ്യുകയുണ്ടായി. ഏറ്റവും കൂടുതൽ കെടുതികളനുഭവിക്കുന്ന ആലപ്പുഴ ജില്ലയിൽ നടന്ന അവലോകന യോഗത്തിൽ കേന്ദ്ര സഹമന്ത്രി ശ്രീ. കെ.സി. വേണുഗോപാലിന്റെ സാന്നിദ്ധ്യത്തിൽ ഞാൻ നേരിട്ട് പങ്കെടുത്ത് കാര്യങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

കൂടാതെ ദുരിതബാധിതർക്ക് സൗജന്യ റേഷൻ നല്കുന്നതിന് 5900 ടൺ അരിയും 652 ടൺ ഗോതമ്പും സൗജന്യ നിരക്കിൽ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സന്ദേശം അയച്ചിട്ടുണ്ട്.

മഴക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങളുടെ സമഗ്രമായ കണക്കെടുപ്പിനും അവലോകനത്തിനും ശേഷം കേന്ദ്ര സഹായം തേടുന്നതിന് നടപടികളെടുക്കുന്നതാണ്.

കടുത്ത വരൾച്ചയ്ക്കുശേഷം ഉണ്ടായിരിക്കുന്ന കാലവർഷക്കെടുതികളിൽനിന്നും ജനങ്ങൾക്ക് പരമാവധി ആശ്വാസം നൽകുവാനുള്ള ശ്രമങ്ങളിൽ സഭയിലെ എല്ലാ അംഗങ്ങളുടെയും പൂർണ്ണമായ പങ്കാളിത്തവും സഹകരണവും അഭ്യർത്ഥിക്കുന്നു. ഗവൺമെന്റിന്റെ ശ്രമങ്ങളോട് സഹകരിക്കുവാൻ എല്ലാ ജനങ്ങളോടും അഭ്യർത്ഥിക്കുന്നു.

(2) <u>**സുരക്ഷാക്രമീകരണങ്ങൾ**</u>

ഉത്തരാഖണ്ഡിലെ പ്രളയമേഖലയിൽ കുടുങ്ങിയ മലയാളികളുടെ സുരക്ഷാക്രമീകരണങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.സി. ജോസഫ്</u>): സർ, എന്റെ ഒരു പ്രസ്താവന അങ്ങയുടെ അനുവാദത്തോടുകൂടി മേശപ്പുറത്തുവയ്ക്കുന്നു.

<u>**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രിയുടെ പ്രസ്താവന**</u>

ജൂൺ 18-ന് ഉത്തരാഖണ്ഡ് സംസ്ഥാനത്തുണ്ടായ മിന്നൽപ്രളയത്തെ തുടർന്നുണ്ടായ ദാരുണമായ സംഭവങ്ങളും കെടുതികളും നൂറുകണക്കിനാളുകളുടെ ജീവൻ നഷ്ടപ്പെടാനിടയായ വൻദുരന്തവും ഭാരതത്തെയാകെ നടുക്കിയിരിക്കുകയാണ്. ഹിമാലയൻ സുനാമി എന്ന് ഉത്തരാഖണ്ഡ്

മുഖ്യമന്ത്രി വിശേഷിപ്പിച്ച വൻദുരന്തം സ്വതന്ത്ര ഇന്ത്യ കണ്ട ഏറ്റവും വലിയ കെടുതിയാണ് വരുത്തിവച്ചിരിക്കുന്നത്.

സംഭവത്തെപ്പറ്റി ഉണ്ടായ വാർത്തകൾ പുറത്തുവന്നപ്പോൾ തന്നെ ഈ ദുരന്തത്തിൽ അകപ്പെട്ട മലയാളികളുടെ രക്ഷയ്ക്കായി സാധ്യമായ നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുകയുണ്ടായി. ജൂൺ 19-ന് ഡൽഹിയിൽ കേരളാ ഹൗസിൽ ഹെൽപ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചു. ജൂൺ 20-ന് തന്നെ ഡൽഹിയിലുള്ള നോർക്ക ഡപ്യൂട്ടി സെക്രട്ടറി പി. രാമചന്ദ്രൻ, അസിസ്റ്റന്റ് ലെയിസൺ ഓഫീസർ ആർ. പ്രമോദ് എന്നിവരെ ഡറാഡൂണിലേയ്ക്ക് അയയ്ക്കുകയും ഡറാഡൂണിൽ 20-ന് തന്നെ ഹെൽപ് ഡെസ്ക് തുറക്കുകയും ദുരിതമേഖലയിലെ മലയാളികളെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കാൻ ശ്രമങ്ങൾ തുടങ്ങുകയും ചെയ്തു.

പ്രാരംഭ റിപ്പോർട്ട് പ്രകാരം 75-ലധികം മലയാളികൾ ദുരന്തത്തിൽപ്പെട്ടുവെന്നാണ് വിവരം ലഭിച്ചത്. ശിവഗിരി മഠത്തിലെ രണ്ട് സന്യാസിമാർ ഉൾപ്പെടെ 19 - ഓളം തീർത്ഥാടക സംഘം ബദരീനാഥിലെ ബോലാഗിരി ആശ്രമത്തിലാണ് അഭയം തേടിയിരിക്കുന്നത്. ഇതിൽ ചില തീർത്ഥാടകർക്ക് ആരോഗ്യപരമായ പ്രശ്നങ്ങളുള്ളതായും വിവരം ലഭിച്ചിട്ടുണ്ട്. സംഭവത്തെപ്പറ്റി വിവരം അറിഞ്ഞ സമയം മുതൽ മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട സ്പീക്കറും ഞാനും മറ്റ് മന്ത്രിമാരും കേന്ദ്ര പ്രതിരോധമന്ത്രി ശ്രീ. എ. കെ. ആന്റണി, ആഭ്യന്തര സഹമന്ത്രി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ, വ്യോമയാന സഹമന്ത്രി ശ്രീ. കെ. സി. വേണുഗോപാൽ തുടങ്ങിയവരെ ബന്ധപ്പെടുകയും രക്ഷാപ്രവർത്തനങ്ങൾക്ക് വേണ്ടക്രമീകരണങ്ങൾ സംബന്ധിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്തു.

ശ്രീ. രമേശ് ചെന്നിത്തല, എം.എൽ.എ. പ്രധാനമന്ത്രിയെ നേരിൽകണ്ട് സംഭവത്തിന്റെ ഗുരുതരാവസ്ഥയും മലയാളി തീർത്ഥാടകരെ രക്ഷിക്കേണ്ട ആവശ്യകതയും ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി.

അപകടത്തിൽപ്പെട്ടവരിൽ തീർത്ഥാടകരായി മുംബൈയിൽ നിന്നെത്തിയ 40 മലയാളികൾക്ക് മടങ്ങിപ്പോകാൻ കഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്നവരിൽ ഭിലായിയിൽനിന്നുംപോയ തീർത്ഥാടകരിൽ 4 പേരെയും ഡൽഹിയിൽനിന്നുംപോയ 3 പേരെയും കൂത്താട്ടുകുളം സ്വദേശികളായ 2 പേർ, തൃശ്ശൂർ സ്വദേശിയായ ഒരാൾ ഉൾപ്പെടെ പത്തുപേരെപ്പറ്റി ഇനിയും വിവരം ലഭിച്ചിട്ടില്ല. ചിത്രകാരന്മാരായ മധു, ഭാര്യ ശ്രീദേവി, ജോഷ് എന്നീ മൂന്നുപേർ ഹർഷിൽ (ഗംഗോത്രി) മിലിട്ടറി ക്യാമ്പിൽ കഴിയുന്നുണ്ട്. ഗംഗോത്രി, കേദാർനാഥ്, ഹർഷിൽ, ഷിർദാൻ തുടങ്ങിയ പ്രദേശങ്ങൾ മൊബൈൽ പരിധിക്ക് പുറത്തായതിനാൽ ബന്ധപ്പെടാൻ കഴിയുന്നില്ല.

ശിവഗിരിയിൽനിന്നും പോയ സ്വാമി ഗുരുപ്രസാദ്, സ്വാമി വിശാലാനന്ദ എന്നിവരെ ഉടനെ രക്ഷപ്പെടുത്താൻ നടപടി സ്വീകരിച്ചെങ്കിലും അവർ മാത്രമായി വരാൻ കഴിയില്ലെന്നും ബദരീനാഥിൽ കുടുങ്ങിയ 19 പേരെയും ഒന്നിച്ച് രക്ഷപ്പെടുത്തണമെന്നുമുള്ള നിലപാടാണ് അവർ സ്വീകരിച്ചത്. ബദരീനാഥിൽ കുടുങ്ങിയ ശിവഗിരിയിലെ സ്വാമിമാരെ ഉൾപ്പെടെ എല്ലാ മലയാളികളെയും എത്രയുംവേഗം രക്ഷപ്പെടുത്തി നാട്ടിലെത്തിക്കാൻ പരമാവധി ശ്രമങ്ങൾ സംസ്ഥാന സർക്കാർ നടത്തുന്നുണ്ട്. ഹെലികോപ്ടർ അല്ലാതെ മറ്റൊരു രക്ഷാമാർഗ്ഗവും സാധ്യമല്ലാത്ത സ്ഥിതിയാണ്. റോഡുകളും പാലങ്ങളും തകർന്നതിനാൽ റോഡുമാർഗ്ഗം ആരെയും കൊണ്ടുവരാൻ കഴിയുന്നില്ല. സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ ഏറ്റവും വൈപുല്യവും

ആയാസകരവുമായ രക്ഷാനടപടികൾക്കാണ് ഇന്ത്യൻ സൈന്യവും അർദ്ധസൈനിക വിഭാഗങ്ങളും സിവിലിയൻ സംവിധാനവും നേതൃത്വം നൽകുന്നത്. പ്രധാനമന്ത്രി, യു.പി.എ. ചെയർപേഴ്സൺ ശ്രീമതി സോണിയാ ഗാന്ധി, ആഭ്യന്തരമന്ത്രി സുശീൽകുമാർ ഷിൻഡെ എന്നിവർ ഏരിയൽ സർവ്വെയിലൂടെ സ്ഥിതിഗതികൾ വിലയിരുത്തുകയുണ്ടായി.

മലയാളിതീർത്ഥാടകരെ മോചിപ്പിക്കുന്നതിൽ സംസ്ഥാന ഗവൺമെന്റിന് വീഴ്ചപറ്റിയെന്ന വാർത്തകൾ യഥാർത്ഥ്യങ്ങൾക്ക് നിരക്കുന്നതല്ല. മനുഷ്യ സാധ്യമായ എല്ലാ ശ്രമങ്ങളും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്നുണ്ട്. ദുരിതമേഖലയിൽനിന്നും എത്രയുംവേഗത്തിൽ ഹെലികോപ്ടറിൽ എത്തിക്കാനും അവിടെനിന്നും റോഡുമാർഗ്ഗം ഡൽഹിയിൽ എത്തിക്കാനും നോർക്ക ഹെൽപ് ഡെസ്ക് നടപടികൾ കൈക്കൊണ്ടുവരുന്നു. ഇവർക്ക് നാട്ടിലെത്താൻ പ്രത്യേകമായ സൗജന്യങ്ങൾ എയർ ഇന്ത്യ പ്രഖ്യാപിച്ചിട്ടുണ്ട്.

ദുരന്തത്തിന്റെ വ്യാപ്തിയും മണ്ണിടിച്ചിലും ഇപ്പോഴും തുടരുന്ന പേമാരിയും ഗതാഗത-കമ്മ്യൂണിക്കേഷൻ തകർച്ചയും സൃഷ്ടിച്ച അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം രക്ഷാപ്രവർത്തനങ്ങൾ ദുഷ്കരമാക്കിയിരിക്കുകയാണ്. എങ്കിലും സാധ്യമായ എല്ലാ നടപടികളും തുടർന്നും സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, പ്രതിപക്ഷത്തുള്ളവരെ സസ്പെന്റ് ചെയ്തോ? രണ്ട് മണിക്കൂറിലേറെ സമയം സഭ നിർത്തിവച്ചത് എന്തിനാണ്? . . . . .(ബഹളം). . .. .

<u>മി. സ്പീക്കർ</u>: അസാധാരണമായതും പാടില്ലാത്തതുമായ സംഭവം നിയമസഭയിൽ നടന്നതുകൊണ്ടാണ് സഭ നിർത്തിവച്ച് പോയത്.

(സഭാനടപടികളിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ വീണ്ടും ബഹളം വച്ചപ്പോൾ സഭാബിസിനസ്സ് നടത്തുകയാണെന്നും അസാധാരണമായതും പാടില്ലാത്തതുമായ കാര്യങ്ങൾ സഭയിൽ നടന്നതുകൊണ്ടാണ് സഭ നിർത്തിവച്ചതെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിക്കുകയും തുടർന്ന് ശ്രദ്ധക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്തുകൊണ്ട് അജണ്ടയിലെ അടുത്ത നടപടികളിലേയ്ക്ക് കടക്കുകയും ചെയ്തു.)